(സി) ഈ ഫണ്ടിൽനിന്നും പണം നൽകുന്നതിന് എത്ര സ്കീമുകൾക്ക് അംഗീകാരം നല്കി എന്നും; ഏതെല്ലാം സ്കീമുകളാണെന്നും വ്യക്തമാക്കുമോ;

(ഡി) 2000-2001 സാമ്പത്തിക വർഷം ഈ ഫണ്ടിൽനിന്നും എത്ര രൂപ ചെലവഴിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) ഈ ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളവർക്ക് ഒരു ദിവസം എത്ര രൂപ പലിശയിനത്തിൽ നൽകേണ്ടിവരും എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ ഫണ്ട് വകമാറ്റി ചെലവഴിക്കരുത് എന്ന കോടതിയുടെ നിർദ്ദേശം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ജി) ഈ ഫണ്ട് വകമാറ്റി ചെലവഴിക്കുകയില്ലെന്ന് ഗവണ്മെന്റ് കോടതിക്ക് ഉറപ്പു നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) 507.06 കോടി രൂപ.

(ബി) തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) ഇതുവരെ അംഗീകാരം നൽകിയിട്ടില്ല. ബന്ധപ്പെട്ട വകുപ്പുകൾക്ക് അപേക്ഷാഫാറം നൽകിയിട്ടുണ്ട്. അവ ലഭിച്ചശേഷമേ സ്കീമുകളുടെ വിവരം വ്യക്തമാവുകയുള്ളു.

(ഡി) തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) 18.40 ലക്ഷം രൂപ.

(എഫ്) കോടതിയുടെ നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

(ജി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

നികുതികൾ ഏകീകരിക്കുന്നത് സംബന്ധിച്ചുള്ള നിയമം

5 (271)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനങ്ങളിലെ നികുതികൾ ഏകീകരിക്കുന്നതു സംബന്ധിച്ചുള്ള നിയമം നടപ്പിലായത് എന്നു മുതൽക്കാണ്;

(ബി) ഇതുമൂലം കേരളത്തിൽ ഏതെല്ലാം സാധനങ്ങൾക്ക് നികുതി വർദ്ധനവുണ്ടായി; നിലവിലുണ്ടായിരുന്ന നികുതിനിരക്കെത്ര; എത്ര വർദ്ധനവുണ്ടായി; ഇതുമൂലം എത്ര രൂപയാണ് പ്രതീക്ഷിക്കുന്നത്;

(സി) ഖാദി കമ്മീഷന്റെയും ഖാദി ബോർഡിന്റെയും കീഴിൽ ഉൽപ്പാദിപ്പിക്കുന്ന ഏതെല്ലാം ഉൽപ്പന്നങ്ങൾക്കാണ് പുതുതായി നികുതി ഏർപ്പെടുത്തിയത്;

(ഡി) ഖാദി ഉൽപ്പന്നങ്ങൾക്കുള്ള നികുതി പിൻവലിക്കണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിന് ഇതു സംബന്ധിച്ച നിയമം 1.1.2000 മുതൽ നടപ്പാക്കി.

(ബി) നികുതി വർദ്ധനവിനെക്കുറിച്ചും 1.1.2000 നു മുമ്പുണ്ടായിരുന്ന നിരക്കിനെക്കുറിച്ചുമുള്ളവിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.† വർദ്ധനവിനെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ല.

(സി) 1.1.2000 മുതൽ എല്ലാ ഉൽപ്പന്നങ്ങൾക്കും നികുതി ഏർപ്പെടുത്തിയിരുന്നു. എന്നാൽ 1.1.2000 മുതൽ തന്നെ 10 ലക്ഷം രൂപവരെ ഉള്ള വിറ്റുവരവിന് നികുതിയിളവ് നല്കിയിരുന്നു. 1.4.2000 മുതൽ താഴെപ്പറയുന്ന ഖാദിയൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന സാധനത്തിന്റെ വിറ്റുവരവിന്റെ മുഴുവൻ തുകയ്ക്കും വിൽപ്പന നികുതിയിളവ് പ്രഖ്യാപിച്ചിട്ടുണ്ട്.

1. തീപ്പെട്ടി, പടക്കം, അഗർബത്തി ഇവയുടെ നിർമ്മാണം.
2. സോപ്പ് നിർമ്മാണം.
3. തുകൽ ഊറയ്ക്കിടുന്നതും ബന്ധപ്പെട്ട വ്യവസായങ്ങളും
4. തുകൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണം.
5. കൈ കൊണ്ടുണ്ടാക്കുന്ന പേപ്പർ.
6. ശർക്കരയുടെയും ഖണ്ഡനാരിയുടെയും നിർമ്മാണം.
7. ചാണകത്തിൽ നിന്നും മറ്റു മാലിന്യങ്ങളിൽ നിന്നും ഉണ്ടാക്കുന്ന വൂത്തിന്റെയും മീഥേൽ ഗ്യാസിന്റെയും നിർമ്മാണം.
8. കക്ക ഉൽപ്പന്നങ്ങളുടെ നിർമ്മാണം.
9. ഷെല്ലാക്ക് നിർമ്മാണം
10. പച്ചക്കറി, പഴം ഉൽപ്പന്നങ്ങളുടെ നിർമ്മാണം.
11. മുളകൊണ്ടും ചൂരൽ കൊണ്ടും ഉള്ള വസ്തുക്കളുടെ നിർമ്മാണം.
12. ഫർണിച്ചർ ഒഴികെ കൊല്ലപ്പണി കൊണ്ടുണ്ടാക്കുന്ന വസ്തുക്കളുടെ നിർമ്മാണം.
13. ഫർണിച്ചർ ഒഴികെ ആശാരിപ്പണി കൊണ്ടുണ്ടാക്കുന്ന വസ്തുക്കളുടെ നിർമ്മാണം.
14. കയർ ഒഴികെ നാരുകൾ കൊണ്ടുള്ള വസ്തുക്കളുടെ നിർമ്മാണം.
15. അലൂമിനിയം കൊണ്ടുള്ള വീട്ടുപാത്രങ്ങളുടെ നിർമ്മാണം.
16. ചോളംകൊണ്ടും റാഗി കൊണ്ടുമുള്ള വസ്തുക്കളുടെ നിർമ്മാണം.
17. റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം (റബ്ബർബാൻഡ്,ഗ്ളാസ് ബലൂൺ) തുടങ്ങിയ മുക്കിയെടുത്ത ലാറ്റക്സ് ഉൽപ്പന്നങ്ങൾ
18. പന ഉൽപ്പന്നങ്ങളുടെ നിർമ്മാണം.
19. മൺപാത്ര നിർമ്മാണം.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

20. തേൻ ഉൽപ്പാദനം.

21. ഹണി ഓയിൽ നിർമ്മാണം.

മേൽ പ്പറഞ്ഞ ലിസ്റ്റിൽപ്പെടാത്ത ഖാദി വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ ഓഫ് ഇൻഡ്യയുടെയും അവയുടെ അംഗീകൃത ഖാദി ആന്റ് വില്ലേജ് യൂണിറ്റുകളുടേയും കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെയും അംഗീകൃത യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളുടെ നികുതി 1.4.2000 മുതൽ 4 ശതമാനമാക്കി കുറവുചെയ്തിട്ടുണ്ട്. ആയതിനു പുറമെ മേൽപ്പറഞ്ഞ യൂണിറ്റുകൾ കേരളത്തിനകത്തുള്ള ഉൽപ്പാദനം നടത്തി വിൽപ്പന നടത്തുന്നതിലേക്ക് വേണ്ടി വാങ്ങുന്ന അസംസ്കൃത വസ്തുക്കളിൽ ആദ്യവാങ്ങൽ ഘട്ടത്തിലും അവസാനവാങ്ങൽ ഘട്ടത്തിലും നികുതി സാദ്ധ്യതയുള്ള സാധനങ്ങളെയും, നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) പരിശോധിച്ചു വരുന്നു.

അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ച തുക

6 (272). <u>ശ്രീ സി.ടി. അഹമ്മദ് അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം അഡീഷണൽ ഓതറൈസേഷൻ മുഖേന എന്തുതുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം ആവശ്യങ്ങൾക്ക് എന്തുതുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫണ്ടുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്താണ്,

(ഡി) പിന്നോക്ക പ്രദേശങ്ങൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) 568.34 കോടി രൂപ (ഉപ ധനാഭ്യർത്ഥന വഴി ക്രമീകരിച്ചത്)

(ബി) ഭരണപരമായ ചെലവുകൾ - 680583000 രൂ.

നിർമ്മാണ പ്രവർത്തനങ്ങൾ - 2584491000 രൂ.

പദ്ധതി ചെലവുകൾ - 1816533000

മറ്റു ചെലവുകൾ - 601750000 രൂ.

(സി) ഭരണപരമായ ആവശ്യം, പൊതുതാൽപ്പര്യം എന്നിവ കണക്കിലെടുത്ത് കേരള ബഡ്ജറ്റ് മാനുവലിലെ ഖണ്ഡിക 95(3) ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് അനുവദിച്ചത്.

(ഡി) അനുവദിച്ചു വരുന്ന തുകകൾ അപര്യാപ്തമാണെന്ന് സർക്കാരിന് ബോദ്ധ്യമാവുകയാണെങ്കിൽ സർക്കാരിന്റെ സാമ്പത്തിക വിഭവ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ ഫണ്ട് അനുവദിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly